## അദ്ധ്യായം – 1

# മണിയങ്ങാട്ട് തലവയലിൽ കുടുംബം

മണിയങ്ങാട്ടു താഴെ എന്നു വിളിച്ചിരുന്ന കുടുംബത്തിന്റെ കാരണവരായ ചാണ്ടി കുറവിലങ്ങാട്ടു കണ്ണംകുളത്തു വീട്ടിൽ നിന്ന് അന്ന എന്ന കാരണവത്തിയെ സ്വകുടുംബിനിയാക്കി ഈ ദമ്പതികൾക്ക് രണ്ടു പുത്രന്മാരും ഒരു പുത്രിയും ജാതരായി. ഏകമകളെ എറകോന്നി കുടുംബശ്രേണിയിൽ പെട്ട ഐക്കര നിന്നും തണ്ണിപ്പാറ വീട്ടിൽ താമസിച്ചിരുന്ന തൊമ്മൻ വിവാഹം കഴിച്ചു. അവർക്ക് പീലിപ്പോസ്, ചാണ്ടി, തൊമ്മൻ എന്നിവർ മക്കൾ.

ചാണ്ടി കാരണവരുടെ മൂത്ത പുത്രൻ തൊമ്മൻ തറവാട്ടിൽ തന്നെ താമസിച്ചു ഇദ്ദേഹത്തിന്റെ കുടുംബിനി ഏലി കൊഴുവനാൽ മാന്തറ കുടുംബാംഗമായിരുന്നു. ഈ ദമ്പതികൾക്ക് ചാണ്ടി, തൊമ്മൻ, കുര്യൻ, അവിരാ, എന്നു നാലു പുത്രന്മാരും ഒരു പുത്രിയും ഉണ്ടായിരുന്നു. ഏക പുത്രിയെ കിഴക്കേ കൊഴുവനാൽ വിവാഹം കഴിച്ചയച്ചു.

മൂത്തപുത്രൻ ചാണ്ടി കൊഴുവനാൽ ഇടവകയിൽ കുഴുപ്പള്ളി വീട്ടിൽ നിന്ന് ഏലിയാമ്മയെ സ്വന്തം കുടുംബിനിയായി കണ്ടെത്തി. ഈ കുടുംബം മണിയങ്ങാട്ടു ചേരിക്കലിന്റെ കിഴക്കുഭാഗത്തു താമസിച്ചു. ചാണ്ടി-ഏലിയാമ്മ ദമ്പതികൾക്ക് ഒരു കുട്ടി ജനിച്ചു. ശൈശവാവസ്ഥയിൽ തന്നെ ആ കുട്ടി മരിച്ചു. അധികം താമസിയാതെ പിതാവു ചാണ്ടിയും ചരമഗതിപ്രാപിച്ചു. ഈ സ്ഥിതിയിൽ ഭാര്യ ഏലിയാമ്മ സ്വഭവനത്തിലേക്കു മടങ്ങിപ്പോയി.



മണിയങ്ങാട്ട് (തലവയലിൽ) കുഞ്ഞുഞ്ഞ് കുടുംബം

തൊമ്മൻ-ഏലിദമ്പതികളുടെ രണ്ടാമത്തെ പുത്രൻ തൊമ്മൻ കല്ലൂർകുളം ഭാഗത്ത എള്ളിൽ അവിരായുടെ പുരയിടം വാങ്ങി അവിടെ താമസമാക്കി. ചെറുവള്ളി വെള്ളക്കട കുടുംബാംഗമായ റോസയെ ജീവിതപങ്കാളിയാക്കി ഇവർക്ക് ഒരു മകനും ഒരു മകളും ഉണ്ടായിരുന്നു. ഏക മകൻ ജോസഫ് (കുഞ്ഞുഞ്ഞ്) കൊഴുവനാൽ പുറങ്ങനാൽ ഡോ.മാത്യുവിന്റെയും ഇസഹാക്കിന്റെയും സഹോദരിയെ വിവാഹം ചെയ്തു. ഈ സ്ത്രീ അകാലചരമ മടഞ്ഞതിനെ തുടർന്ന് കപ്പാട് ഇടപ്പള്ളികുടുംബാംഗമായ മറിയത്തെ പുനർവിവാഹം ചെയ്തു. ഈ വിവാഹബന്ധത്തിൽ തോമസ് (കൊച്ച്) ജോസഫ് (കുഞ്ഞൂട്ടൻ) ചാക്കോ മത്തായി (പാപ്പച്ചൻ) ഫാ. ജോസഫ്, റോസ (കുഞ്ഞുപെണ്ണ്) എന്ന് ആറുമക്കൾ ജാതരായി. ഇവരിൽ റോസയെ ഇടമറ്റം കുനന്താനം കുടുംബത്തിലെ കൊച്ച് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ചുമക്കൾ.

ജോസഫ്-മറിയം ദമ്പതികളുടെ മൂത്തമകൻ തോമസ് (കൊച്ച്) പുത്തോട്ടത്തിൽ തെക്കേകുറ്റുതൊമ്മൻ മറിയം മകൾ ഫിലോമിനായെ സഹധർമ്മിണിയാക്കി. ഇവർക്ക് അപ്പച്ചൻ (ജോസഫ്) തോമസ്, ചാക്കോ, അബ്രാഹം (കുഞ്ഞ്) മറിയം ഫിലോമിനാ എന്നിവർ മക്കളായുണ്ട്.

പിതാവ് തോമസ് 2000 ഡിസംബർ 24-നും മാതാവ് ഫിലോമിനാ 2003 ഫെബ്രുവരി 24-നും അന്തരിച്ചു.

മൂത്തമകൻ അപ്പച്ചൻ കൊഴുവനാൽ താഴത്തേമുറി കുഞ്ഞച്ചൻ -റോസ മകൾ റോസയെ വിവാഹം ചെയ്തു. ഇവർക്ക് അഞ്ചു പുത്രന്മാരും രണ്ടു പുത്രിമാരും ഉണ്ട് ഈ കുടുംബം മലബാറിൽ ചിറ്റാരിക്കൽ തോമാപുരം ഇടവകയിൽ താമസിക്കുന്നു. പിതാവ് അപ്പച്ചൻ 2003 മാർച്ച് 28-ന് ഈഹലോകവാസം വെടിഞ്ഞു. അപ്പച്ചൻ-റോസദമ്പതികളുടെ മക്കൾ കുട്ടിയച്ചൻ, ജോസുകുട്ടി, പാപ്പച്ചൻ, റ്റോമി വർക്കിയച്ചൻ, മേരി, സാലി എന്നിവരാണ്.



**മണിയങ്ങാട്ട് (തലവയലിൽ) തൊമ്മച്ചന്റെ കുടുംബം**

തോമസ്-ഫിലോമിനാ ദമ്പതികളുടെ രണ്ടാമത്തെ മകൻ തോമസ് കാഞ്ഞിരപ്പള്ളി കാലാപ്പറമ്പിൽ ജോസഫ്-മറിയം ദമ്പതികളുടെ പുത്രി ക്ലാരമ്മയെ പരിണയിച്ചു. ഇവർക്ക് മൂന്നു മക്കൾ; രണ്ടാണും ഒരു പെണ്ണും മൂത്തമകൻ ബിജു പാലാ മടുക്കയാനിയിൽ ജൂലിയെ കുടുംബിനിയാക്കി. ഇളയ മകൻ റോബിൻ M.Sc. BEd. ബിരുദം നേടിയശേഷം അമേരിക്കയിൽ അദ്ധ്യാപകനായി ജോലി ചെയ്യുന്നു. റോബിൻ 2004 ജൂലൈ 8 ന് രാമപുരത്തു മാടവന കുര്യൻ - ത്രേസ്യാമ്മ മകൾ ഷിനോയെ വിവാഹം ചെയ്തു. ഏകമകൾ മേരിയെ കാഞ്ഞിരമറ്റം മുങ്ങാമാക്കൽ കുടംബത്തിൽ വിവാഹം കഴിച്ചുവിട്ടു.

തോമസ്-ഫിലോമിനാ ദമ്പതികളുടെ മൂന്നാമത്തെ മകൻ ചാക്കോ പൊൻകുന്നം മണലേൽ ചാക്കോ അന്നമ്മ ദമ്പതികളുടെ

പുത്രി ത്രേസ്യാമ്മയെ സ്വകുടുംബിനിയാക്കി. ഈ ദമ്പതികൾക്ക് രണ്ടു പുത്രിമാരും ഒരു പുത്രനുമാണ്.



മണിയങ്ങാട്ട് (തലവയലിൽ) ചാക്കോ കുടുംബം

ചാക്കോ-ത്രേസ്യാമ്മ മകൾ ഷൈനിയെ രാമങ്കരി നെല്ലുവേലിൽ തൊമ്മച്ചൻ-ഏലിയാമ്മ മകൻ സുനിൽ പരിണയിച്ചു ഇവർ ഇൻഡോറിൽ ജോലിയിരിക്കുന്നു. രണ്ടാമത്തെ മകൾ ഷൈമയും ഇൻഡോറിൽ നഴ്സാണ് ഏകമകൻ ഷൈജുവും ഇൻഡോറിൽ കമ്പനി ഉദ്യോഗസ്ഥ നാണ്.

തോമസ്-ഫിലോമിനാ ദമ്പതികളുടെ നാലാമത്തെ പുത്രൻ അബ്രാഹം (കുഞ്ഞ്) കുമളി പൂത്തോട്ടുകുളം ജോൺസൺ-ത്രേസ്യാമ്മമാരുടെ പുത്രി ജൂലിയറ്റിനെ ജീവിത സഖിയാക്കി. റിൻസിമോൾ, റിനുമോൾ എന്നിവരാണ് മക്കൾ.

തോമസ്-ഫിലോമിനാ മകൾ ഫിലോമിനായെ അരുവിത്തുറ വലിയ വീട്ടിൽ കുഞ്ഞിന്റെ മകൻ, മിലിറ്ററി ഓഫീസറായ ജോയി വിവാഹം ചെയ്തു.

മൂത്ത പുത്രി മറിയവും വിവാഹിതയാണ്. ഒരു പുത്രനുണ്ട്.



മണിയങ്ങാട്ട് (തലവയലിൽ) കുഞ്ഞുകുട്ടന്റെ (ജോസഫ്) കുടുംബം

ജോസഫ്-മറിയം ദമ്പതികളുടെ രണ്ടാമത്തെ മകൻ ജോസഫ് (കുഞ്ഞുട്ടൻ) മറ്റക്കര മീൻപുഴയ്ക്കൽ പുത്തൻപുരയിൽ സ്കറിയാ യുടെ മകൾ ത്രേസ്യാമ്മയെ ജീവിത പങ്കാളിയാക്കി. ഈ ദമ്പതി കൾക്ക് ഫാ.ജോസ്, സക്കറിയാസ്, ബേബിച്ചൻ എന്ന മൂന്നു പുത്ര ന്മാരും മേരിയമ്മ, രാജമ്മ, ലിസ്സമ്മ, വത്സമ്മ എന്നു നാലു പുത്രി മാരും ഉണ്ട്.



മണിയങ്ങാട്ട് (തലവയലിൽ) കുഞ്ഞുട്ടനും (ജോസഫ്) മകനും

മൂത്തമകൻ ജോസ് വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി തിരുവല്ല രൂപതയിൽ ചേർന്ന് 1975 ജനുവരി 1-ാം തീയതി തിരുവല്ല കത്തീഡ്രൽ പള്ളിയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു. അനന്തരം ബത്തേരി രൂപതയിൽപെട്ട നടുവിൽ കോളിത്തട്ട്, ദൈക്കാവ് എന്നീ പള്ളികളിൽ വൈദീകശുശ്രൂഷനിർവ്വഹിച്ചു. 1986-ൽ സംഭവിച്ച ബൈക്ക് അപകടത്തെത്തുടർന്ന് ചികിത്സയ്ക്കായി അമേരിക്കയിലേയ്ക്കുപോയി. ചികിത്സയിൽ സുഖം പ്രാപിച്ചശേഷം അഭിവന്ദ്യ ബത്തേരിപ്പിതാവിന്റെ അനുവാദത്തോടെ ഫാ. ജോസ് അമേരിക്കയിൽ തന്നെ ഇടയ ശുശ്രൂഷ നിർവ്വഹിച്ചുപോരുന്നു. ഫ്ളോറിഡായിലെ സെന്റ് മേരീസ് പള്ളി വികാരിയാണിപ്പോൾ.

. ജോസഫ്-ത്രേസ്യാമ്മ മകൾ മേരിയമ്മ ബി.എസ്സ്സി നേഴ്സിംഗ് പാസ്സായശേഷം പുവരണിപാറേക്കാട്ട് മറ്റപ്പള്ളിൽ തൊമ്മച്ചന്റെ മകൻ മാത്യുവിന്റെ സഹധർമ്മിണിയായി. മാത്യു എൽ. എൽ.ബി. ബിരുദാനന്തര ബിരുദധാരിയാണ് ഈ ദമ്പതികൾക്ക് ജോബിൻ, ജിബിൻ എന്ന രണ്ടു പുത്രന്മാരുണ്ട് ഈ കുടുംബം അമേരിക്കയിൽ ഔദ്യോഗിക ജീവിതം നയിക്കുന്നു.

ജോസഫ്-ത്രേസ്യാമ്മ മകൾ രാജമ്മ തിരുവനന്തപുരം അജിമയിൽ ജോസഫ് മകൻ മാനുവൽലാലിറ്റിന്റെ ജീവിത പങ്കാളിയാണ്. ഈ ദമ്പതികൾ ദുബായിൽ ഔദ്യോഗിക ജീവിതം നയിക്കുന്നു. ഇവർക്ക് സനീപ്, സൻജോ എന്നു രണ്ടു പുത്രന്മാരുണ്ട്.

ജോസഫ്-ത്രേസ്യാമ്മ മകൾ ലിസ്സമ്മയെ കൊഴുവനാൽ ചൂരയ്ക്കൽ വർക്കിയുടെ മകൻ ബേബി പരിണയിച്ചു. ഈ ദമ്പതികൾക്ക് സിബി, സിയ എന്ന രണ്ടുമക്കളുണ്ട്.

ജോസഫ്-ത്രേസ്യാമ്മ മകൻ സഖറിയാസ് ബി.കോം. പാസ്സായശേഷം, പാലാ കാപ്പിൽ ചാക്കോച്ചന്റെ മകൾ ലാലിയെ സ്വകുടുംബിനിയാക്കി. ഈ ദമ്പതികൾക്ക് ജിന്റോ ജിസ്മി എന്നിവർ മക്കളാണ് ഈ കുടുംബം മാതാപിതാക്കളോടൊത്ത് കൂരോപ്പടയിലുള്ള തറവാട്ടിൽ താമസിക്കുന്നു.

ജോസഫ്-ത്രേസ്യാമ്മ മകൾ വത്സമ്മ എം.എസ്സ്സി ബി.എഡ്. ബിരുദാനന്തര ബിരുദധാരിയാണ്. എടത്വാ ചേന്നങ്കരി തോമസ് സാറിന്റെ മകൻ ജോസാണ് വത്സമ്മയുടെ കണവൻ, ഇവരിരുവരും

വെസ്റ്റിൻഡീസിലെ ജമയിക്കായിൽ കോളേജ് അദ്ധ്യാപകരാണ്. മക്കൾ നിഥിമോൾ, മിഥുൻ.

ജോസഫ്-ത്രേസ്യാമ്മ ദമ്പതികളുടെ കനിഷ്ഠ പുത്രൻ ബേബിച്ചൻ ബി.എസ്സി. ബി.എഡ് ബിരുദധാരിയാണ്. കങ്ങഴ പത്തനാട്ട് മുരിക്കാനിക്കൽ തോമസിന്റെ മകൾ റോസിയാണ് ബേബിച്ചന്റെ സഹധർമ്മണി. റോസി. ബി.എസ്സി നേഴ്സിംഗ് പാസ്സായിട്ടുണ്ട്. ഇവർ ഇരുവരും അമേരിക്കയിൽ ജീവിതം കണ്ടെത്തിയിരിക്കുന്നു. ഇവർക്ക് അനുഷാ എന്നൊരു പുത്രിയും അഖിൽ എന്നൊരു പുത്രനും ഉണ്ട്. പിതാവ് ജോസഫ് (കുഞ്ഞൂട്ടൻ) 13-02-2005-ൽ ഇഹലോകവാസം വെടിഞ്ഞു.

ജോസഫ്-മറിയം ദമ്പതികളുടെ മൂന്നാമത്തെ മകൻ ചാക്കോ അയിരൂർ ഊന്നുകല്ലുങ്കൽ തോമസ്-മറിയം മകൾ സാറാമ്മയെ വിവാഹം ചെയ്തു. ഇപ്പോൾ തെങ്ങുംപള്ളിയിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് ജോയി, റ്റോമി, മറിയക്കുട്ടി, ജോർജ്ജ്, റ്റെസി, സൂസി എന്ന് ആറുമക്കൾ.



**മണിയങ്ങാട്ട് (തലവയലിൽ) ചാക്കോച്ചേട്ടന്റെ കുടുംബം**

മൂത്തമകൻ ജോയി മുക്കൂട്ടുതറ ഉഴവക്കോട്ടയിൽ വർക്കി-ഏലിക്കുട്ടി മകൾ റോസമ്മയെ പരിണയിച്ചു ഈ കുടുംബം കുറേ നാൾ ഡൽഹിയിൽ ആയിരുന്നു. ഇപ്പോൾ മൂഴൂർ താമസിക്കുന്നു. ഈ ദമ്പതികൾക്ക് റിജ, മോൻ, എന്നു രണ്ടുമക്കൾ ഇരുവരും പഠിക്കുകയാണ്.



മണിയങ്ങാട്ട് (തലവയലിൽ) ജോയി

രണ്ടാമത്തെ മകൻ റ്റോമി എഴുമറ്റൂർ ചെമ്മരി കുടുംബത്തിലെ ജോർജ്ജ് അന്നമ്മ മകൾ മോളിയെ പത്നിയായി വരിച്ചു. ഇവർ തറവാട്ടിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് വിദ്യാർത്ഥികളായ റ്റിന്റുമോൾ, റ്റിജമോൻ എന്ന രണ്ടു മക്കൾ.



മണിയങ്ങാട്ട് (തലവയലിൽ) ജോർജും കുടുംബം

മൂന്നാമത്തെ മകൻ ജോർജ്ജ് മുണ്ടന്താനം കടകൻകരോട്ടു സ്കറിയാ-അന്നമ്മ മകൾ ലൈസമ്മയെ സഹധർമ്മിണിയാക്കിഈ കുടുംബം പള്ളിക്കത്തോട്ടു താമസിക്കുന്നു. ജിന്റോ മോൻ, ജിഷാ മോൾ എന്നിവർ മക്കളായുണ്ട്.

ഒന്നാമത്തെ മകൾ മറിയക്കുട്ടി കുളത്തൂർ ചക്കുംമൂട്ടിൽ തോമസ്-മാമ്മിമകൻ ജോയിക്കുട്ടിയുടെ ജീവിതപങ്കാളിയാണ്. ബോബി, ബിനിമോൾ, ബിനുമോൻ എന്നു മൂന്നുമക്കളുണ്ട്.

രണ്ടാമത്തെ മകൾ റെസിയെ അടൂർ കൊച്ചുമുരുപ്പേൽ ഡാനിയേൽ-കുഞ്ഞന്നാമ്മ മകൻ രാജു വിവാഹം കഴിച്ചു. ജൂലി മോൾ എന്നൊരു മകളുണ്ട്. ഈ കുടുംബം ഡൽഹിയിൽ ജോലിയിലിരിക്കുന്നു.

ചാക്കോ-സാറാമ്മമാരുടെ ഇളയ മകൾ സൂസി വായ്പൂരുപ്ലാത്താനത്തു ജോൺ-അച്ചാമ്മ മകൻ ജോയിച്ചന്റെ കുടുംബിനിയാണ് ഇവർ ഉദ്യോഗാർത്ഥം ഒറീസായിൽ താമസിക്കുന്നു. ഇവർക്ക് ജയ്സി മോൾ എന്നൊരു പുത്രിയുണ്ട്.



**മണിയങ്ങാട്ട് (തലവയലിൽ) പാപ്പച്ചൻ (മത്തായി) കുടുംബം**

ജോസഫ്-മറിയം ദമ്പതികളുടെ നാലാമത്തെ മകൻ മത്തായി (പാപ്പച്ചൻ) കുടമാളൂർ മുട്ടത്തുപാടത്ത് (വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ ജന്മഭവനം) ജോൺ അന്നാമ്മ മകൾ മറിയാമ്മയെ പാണിഗ്രഹണം ചെയ്തു-മേഴ്സി, സുസമ്മ, ബേബി (ജോസഫ്) പുഷ്പാമ്മ, ഫാ. ജോർജ്ജ്, റ്റോമിച്ചൻ (മാത്യു) എന്നിങ്ങനെ ആറുമക്കൾ ഇവർക്കുണ്ട്.

മൂത്തമകൾ മേഴ്സി ഉരുളികുന്നം ചെന്നക്കാട്ടുകുന്നേൽ തോമസ്-അന്നമകൻ തോമസിന്റെ പത്നിയാണ്. മേഴ്സി തോമസ് ദമ്പതികൾക്ക് മനീഷ്, അൽഫോൻസാ, മറിയക്കുട്ടി എന്നു മൂന്നുമക്കൾ ഇവർക്കുണ്ട്.

പാപ്പച്ചൻ-മറിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രിസൂസമ്മ അവിവാഹിതയായി തറവാട്ടിൽ കഴിയുന്നു.



**മണിയങ്ങാട്ട് (തലവയലിൽ) ബേബി പുവത്തിളപ്പ്**

പാപ്പച്ചൻ-മറിയമ്മ ദമ്പതികളുടെ മൂത്തമകൻ ബേബി (ജോസഫ്) അരുവിത്തുറ മണിയഞ്ചിറ കുഞ്ഞച്ചൻ-ഏലിയാമ്മ മകൾ ജയ്മോളെ പാണിഗ്രഹണം ചെയ്തു. ജൂബി, ജോബി, ജിബിൻ എന്നിവർ മക്കളാണ്. ഈ കുടുംബം പൂവത്തിളപ്പിൽ താമസിക്കുന്നു.

പാപ്പച്ചൻ-മറിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രി പുഷ്പാമ്മ ചേപ്പുംപാറപ്പള്ളി ഇടവക മീൻപുഴയ്ക്കൽ പുത്തൻപുരയ്ക്കൽ സ്ക്കറിയാ-ഏലി മകൻ ബേബിയെ ജീവിത പങ്കാളിയായി വരിച്ചു. ഈ ദമ്പതികൾക്ക് നിഷ്, സിനി,ഷാനി എന്ന മൂന്നുമക്കളുണ്ട്.

## ഫാ. ജോർജ്ജ് മണിയങ്ങാട്ട്

പാപ്പച്ചൻ-മറിയമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ ജോർജ്ജ് 1964 മാർച്ച് 2-ാം തീയതി ജനിച്ചു. മണലുങ്കൽ സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പാലാ മൈനർ സെമിനാ

രിയിൽ ചേർന്നു തുടർന്ന് വടവാതൂർ സെന്റ് തോമസ് മേജർ സെമിനാരിയിൽ വൈദീകപഠനം പൂർത്തിയാക്കി. 1989 ഡിസംബർ 27-ന് കൊഴുവനാൽ പള്ളിയിൽ വച്ച് അഭിവന്ദ്യ പാലാ മെത്രാൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ തിരുമേനിയിൽ നിന്നും പൗരോഹിത്യ പട്ടം സ്വീകരിച്ചു. കോതനല്ലൂർ, നീലൂർ, കാഞ്ഞിരമറ്റം, കുറവിലാങ്ങാട്ടുപള്ളികളിൽ അസിസ്റ്റന്റ് വികാരിയായി ശുശ്രൂഷ നിർവഹിച്ചു. പിന്നീടു നെല്ലാപ്പാറപള്ളിയിൽ വികാരിയായും നിയമിക്കപ്പെട്ടു. ഇപ്പോൾ വെസ്റ്റിൻഡീസിൽ ജമയ്കായിൽ മിഷൻ പ്രവർത്തനത്തിൽ നിയുക്തനായിയിരിക്കുന്നു.

പാപ്പച്ചൻ-മറിയമ്മ ദമ്പതികളുടെ കനിഷ്ഠപുത്രൻ റ്റോമി തറവാട്ടിൽ കഴിയുന്നു.

## അനുബന്ധം

മണിയങ്ങാട്ടുപടിപ്പുരയ്ക്കൽ തൊമ്മൻ ചാണ്ടിയുടെ മൂത്തമകൻ തൊമ്മന്റെ നാലുമക്കളിൽ രണ്ടാമനായ തൊമ്മന് ഒരു മകളും ഒരു മകനും മാത്രമേ ഉണ്ടായിരുന്നുള്ളു. പ്രസ്തുത മകനേപ്പറ്റി സവിസ്തരം ഇതിനുപരി പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഏകമകൾ മറിയത്തെപ്പറ്റി ലഭ്യമായ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

ആനിക്കാട് ഇടവക പഴയപറമ്പിൽ (പാറയിൽ) ഐപ്പു മാത്യു ആണ് തൊമ്മൻ കാരണവരുടെ ഏകപുത്രി മറിയത്തെ വിവാഹം ചെയ്തത്. ഈ ദമ്പതികൾക്ക് കുഞ്ഞ് (ജോസഫ്) തോമസ്, മാത്യു, അബ്രാം, ഫിലിപ്പ് എന്നീ പുത്രന്മാരും മൂന്നു പുത്രിമാരും ജാതരായി.

പുത്രന്മാരിൽ തോമസ്, മാത്യു എന്നിവർ പൗരോഹിത്യം സ്വീകരിച്ചു. ഫാ.തോമസ് അരനൂറ്റാണ്ടുകാലം വിശാഖപട്ടണം മിഷനിൽ പ്രേഷിതസേവനം അനുഷ്ഠിച്ചു. അവിടെ വച്ചുതന്നെ മരണം പ്രാപിച്ചു. അവിടെത്തന്നെ കബറടക്കവും നടത്തി.

മറിയം-മാത്യു ദമ്പതികളുടെ മൂന്നാമത്തെമകൻ മാത്യു സി.എം.ഐ. സഭയിൽ ചേർന്നു വൈദികപഠനം നടത്തി 1937-ൽ പൗരോഹിത്യം സ്വീകരിച്ചു. ഫാ.ഫൗസ്റ്റിൻ സി.എം.ഐ. എന്ന സന്യാസ നാമമാണ് അദ്ദേഹം തിരഞ്ഞെടുത്തത്. തിരുവന്തപുരം അതിരൂപതയിൽ മിഷൻ പ്രവർത്തനത്തിൽ വ്യാപൃതനായ അദ്ദേഹം

1952-ൽ മലബാറിലേയ്ക്കു പ്രേഷിതരംഗം മാറ്റി. തരിയോട്, പാട ത്തുകടവ്, തലപ്പുഴ എന്നീ ഇടവകകളിൽ സേവനം അനുഷ്ഠിച്ചു. തുടർന്ന് ദേവഗിരി ആശ്രമത്തിൽ താമസിച്ചുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജിൽ ആത്മീയ ശുശ്രൂഷ നിർവഹിച്ചു പോന്നു. 1994 ജനുവര് 10-ാം തീയതി അന്തരിച്ചു. കൂടത്തായി ലൂർദ്ദ് ആശ്ര മത്തിൽ മൃതദേഹം സംസ്ക്കരിച്ചു.

പെൺമക്കളിൽ ഒരാൾ സന്യാസ വ്രതം സ്വീകരിച്ച് അർപ്പിത ജീവിതം നയിച്ചിരുന്നു.

മറ്റൊരുമകൾ തമ്പലക്കാട്ടുകാപ്പുകാട്ടുകുടുംബത്തിൽ വിവാഹി തയായി.

മറ്റുള്ളവരെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമായിട്ടില്ല.

## ഫാ. ജോസഫ് മണിയങ്ങാട്ട് യു.എസ്.എ

മണിയങ്ങാട്ട് ജോസഫിന്റെയും മറിയത്തിന്റെയും ഇളയപുത്ര നായ എം.ജെ.ജോസഫ് (ഫാ. ജോസഫ്) 1932 ഡിസംബർ 25-ന് ജനിച്ചു. വാകമല സെന്റ്. ജോസഫ് എൽ.പി.സ്കൂൾ, മണലുങ്കൽ, സെന്റ്. അലോഷ്യസ് സ്കൂൾ, സെന്റ്. ആന്റണിസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ വിദ്യാഭ്യാസത്തിനുശേഷം ഇൻഡോർ എസ്.വി. ഡി. സഭയിൽ പഠിച്ച് 4 വർഷത്തിനുശേഷം വിജയപുരം രൂപത യിൽ ചേർന്നു. ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ 7 വർഷം പഠിച്ചിരുന്നതിനിടെ ഒരു വർഷം വിജയപുരം രൂപതയിൽ പഠിപ്പി ച്ചു. പഠിക്കുന്ന കാലത്ത് സെമിനാരിയിലെ പ്രീഫക്റ്റ് ജനറലായി സേവനം ചെയ്തു. സെമിനാരി പഠനശേഷം 1964 ഡിസംബർ 2-ാം തിയതി ദിവ്യകാരുണ്യകോൺഗ്രസിൽ ബോംബെയിൽ വച്ച് പരി ശുദ്ധ പിതാവ് പോൾ ആറാമൻ തിരുമേനി വന്ന ദിവസം ഗുരുപട്ടം സ്വീകരിച്ചു. അതിനുശേഷം വിജയപുരം രൂപതയിലെ പാമ്പനാർ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി അഞ്ചുമാസം സേവനം ചെയ്തു. തുടർന്ന് കാന്തല്ലൂർ, കുറുമുള്ളൂർ, നാട്ടകം, വെട്ടിമുകൾ എന്നീ പള്ളികളിൽ വികാരിയായും സേവനം ചെയ്തു. അതിനിടെ കർണ്ണാടക യൂണിവേഴ്സിറ്റിയിൽ നിന്നും ഫിലോസഫിയിൽ എം. എ. ബിരുദമെടുത്തു. 1976-ൽ കാലം ചെയ്ത കർദ്ദിനാൾ ആന്റണി

പടിയറയുടെ ഉപദേശവും പ്രോത്സാഹനവും മുഖേന മിഷ്യൻ പ്രവർത്തനത്തിനായി വെസ്റ്റിൻഡീസിലെ ജമൈക്കയിൽ സെന്റ് ജൂഡ് തദ്ദേവൂസ് പള്ളിയിലെ വികാരിയായും, പള്ളിവക 1500 കുട്ടികളുടെ സ്കൂളിന്റെ മാനേജരായും 7 വർഷം സേവനം ചെയ്തു. ആ കാലത്ത് പ്രസ്തുത പള്ളിയുടെ ആഭിമുഖ്യത്തിൽ വിജയകരമായ രീതിയിൽ ആ സ്ഥലത്ത് മാർച്ചിംഗ് ബാന്റ് സംഘടിപ്പിച്ച് പല വർഷങ്ങളിലും ദേശീയ അവാർഡുകളും സ്വർണ്ണമെഡലുകളും നേടിയിട്ടുണ്ട്. 1983-ൽ അമേരിക്കയിലുള്ള ഏറ്റവും പുരാതനമായ സെന്റ് അഗസ്റ്റിൻ രൂപതയിൽ ചേർന്നു. ആ വർഷം തന്നെ ആ രൂപതയിലെ സെന്റ് മേരീസ് മക്ളീനി പള്ളി വികാരിയായും ഫ്ളേറിഡാ സ്റ്റേറ്റിന്റെ അയ്യായിരത്തോളം തടവുപുള്ളികളും 375-ൽ കൂടുതൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടവരും ഉൾക്കൊള്ളുന്നതുമായ സ്റ്റാർക്ക്, റെയ്ഫോർഡ് എന്നീ സെന്റർ ജയിലുകളിലെ കത്തോലിക്കാ ചാപ്ളിനായും 16 വർഷം സേവനം ചെയ്തു. ഫ്ളോറിഡാ സ്റ്റേറ്റിലെ എല്ലാ മെത്രാന്മാരുടെയും പ്രതിനിധിയായിട്ടാണ് ഈ സേവനം ചെയ്തത്. ഈ കാലയളവിൽ ഫ്ളോറിഡായിലെ മക്ളീനിയിൽ ഉള്ള സ്റ്റേറ്റ് വക 1500-ഓളം മാനസികരോഗികൾ ഉള്ള മാനസികരോഗാശുപത്രിയുടെ ചാപ്ളയിനായും സേവനം ചെയ്തു. ഇതിനിടെ മാതാവിന്റെ നാമത്തിലുള്ള മക്ളീനി പള്ളി പുതിയതായി പണിതീർക്കുകയും ചെയ്തു. വെഞ്ചരിപ്പ് കർമ്മം 1996-ൽ ബിഷപ്പ് Snyder ഉം ആർച്ച്ബിഷപ്പ് S.E. Carter S.J. യും കൂടിയാണ് നിർവ്വഹിച്ചത്. പ്രസ്തുത പള്ളിയിലും മറ്റ് സ്ഥാപനങ്ങളിലും 16 വർഷ സേവനത്തിനുശേഷം 1999 - ൽ St. Augustine രൂപതയിലെ St. John's the evangelist Chiefland and Holy cross ചർച്ച് crosscit എന്നിവിടത്തെ വികാരിയായി നിയമിക്കപ്പെട്ടു. ഈ പള്ളികളിലെ വികാരിയായി നിയമിക്കപ്പെട്ടു. ഈ പള്ളികളിലെ 6 വർഷത്തെ സേവനത്തിനുള്ളിൽ Holy cross പള്ളി പുതുക്കിപ്പണിയാനും, മനോഹരമായി പാരീഷ്ഹാൾ പണിയുന്നതിനും നേതൃത്വം കൊടുത്തു. അതുപോലെ ചീഫ്ലാൻഡിൽ St. John's the evanglist പള്ളിയോടുനുബന്ധിച്ച് പുതിയ സ്കൂളും പണിചെയ്യിച്ചു. ഇപ്പോൾ അവിടെത്തന്നെ സേവനം ചെയ്യുന്നു.